**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 300** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിലെ പഠന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡ് പശ്ചാത്തലത്തിൽ ഉപരിപഠനത്തിന് വിദേശ രാജ്യങ്ങളെയും ഇതര സംസ്ഥാനങ്ങളെയും ആശ്രയിക്കുവാനുള്ള സാധ്യതകൾ കുറഞ്ഞ സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ പേർക്ക് പഠന സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | 1. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ. 2. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം, അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം. 3. ആധുനിക ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളിലുള്ള യു.ജി/പി.ജി ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള തീരുമാനം. 4. ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ റിസർച്ച് ഡയറക്ടറേറ്റ് രൂപീകരണം. 5. കിഫ്ബിയിൽ നിന്നും മറ്റു ഫണ്ടിംഗ് ഏജൻസികളിൽ നിന്നുമുള്ള പശ്ചാത്തല വികസന പദ്ധതികൾ. 6. 2020-21 അക്കാദമിക വർഷം 53 സർക്കാർ കോളേജുകളിലായി New Generation Inter Disciplinary സ്വഭാവമുള്ള കോഴ്സുകളടക്കം 60 കോഴ്സുകളും 136 എയ്ഡഡ് കോളേജുകളിലായി 150 കോഴ്സുകളും അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്വാശ്രയ മേഖലയിലും നിരവധി കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുഴുവൻ ആർട്സ് & സയൻസ് കോളേജുകളിലും ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കും അനുവദനീയമായ സീറ്റുകളിൽ 2020-21, 2021-22 അക്കാദമിക വർഷങ്ങളിൽ സീറ്റ് വർദ്ധനവിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 7. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ ഉള്ള കോഴ്സുകളിൽ അധിക ബ്രാഞ്ചുകൾ ആരംഭിക്കുന്നതിനും പുതുതലമുറ |

| | | | |
|---|---|---|---|
| | | | കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ